"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ. വകുപ്പ് - വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് - വർക്കല ഭാഗത്ത് പാക്കേജിന് അർഹരായ കുടുംബങ്ങളുടെ രണ്ടാം ഘട്ട ലിസ്റ്റ് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.42/2023/CSIND    തീയതി, തിരുവനന്തപുരം, 12-12-2023.

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 18/2023/സി.എസ്.ഐ.എൻ.ഡി., തീയതി 12/6/2023.
2. കിൽ,ചീഫ് എഞ്ചിനീയറുടെ 18/10/2023ലെ CE/KWIL/WCC/REHAB/72/2023 നമ്പർ കത്ത്.

**ഉത്തരവ്**

കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതാ വികസനവുമായി ബന്ധപ്പെട്ട് കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് കനാൽ പുറമ്പോക്കിൽ നിന്നും കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന "വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ്" പ്രകാരം ധനസഹായത്തിന് അർഹരായ വർക്കല, കഠിനംകുളം ഭാഗങ്ങളിലെ കുടുംബങ്ങളുടെ രണ്ടാം ഘട്ട ലിസ്റ്റിന് പരാമർ ശം (1) പ്രകാരം അംഗീകാരം നല്കി ഉത്തരവായിരുന്നു.

2. പ്രസ്തുത ഉത്തരവിൻ പ്രകാരം അംഗീകാരം നൽകിയിട്ടുള്ള വർക്കല ഭാഗത്തെ 23 കുടുംബങ്ങളുടെ ലിസ്റ്റ് (ലിസ്റ്റ് 1 എ) -ൽ ക്രമ നമ്പർ 19 ആയി ഉൾപ്പെട്ട ശ്രീമതി ഫൗമ്യ എസ്. (T6/131)-ന് സ്വന്തമായി വീടും സ്ഥലവും ഉണ്ടെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ റീഹാബിലിറ്റേഷൻ പാക്കേജിലുൾപ്പെട്ടവരുടെ ലിസ്റ്റിൽ നിന്നും ടിയാളെ ഒഴിവാക്കണമെന്നും, കൂടാതെ പ്രസ്തുത ഉത്തരവിൻ പ്രകാരമുള്ള 3 9 കുടുംബങ്ങളുടെ ലിസ്റ്റ് (ലിസ്റ്റ് 4എ) -ൽ ക്രമ നമ്പർ 3 6 ആയി ഉൾപ്പെട്ട ഗുണഭോക്താവായ ശ്രീമതി നസീമ (T6/167) മരണപ്പെട്ടതായും ടിയാൾക്ക് പകരമായി മകളായ ശ്രീമതി ലത്തീഫയെ പാക്കേജിൽ ഉൾപ്പെടുത്തുന്നതിന് മറ്റ് മക്കൾ സമ്മതപത്രം ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി നസീമക്ക് പകരം മകളായ ശ്രീമതി ലത്തീഫയെ പാക്കേജിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകണമെന്നും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി. (കിൽ)-ന്റെ ചീഫ് എഞ്ചിനീയർ പരാമർശം (2) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച "വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ്" പ്രകാരം ധനസഹായത്തിന് അർഹരാണെന്ന് കണ്ടെത്തി പരാമർ ശം (1) പ്രകാരം അംഗീകാരം നൽകിയിട്ടുള്ള വർക്കല ഭാഗത്തെ 23 കുടുംബങ്ങളുടെ ലിസ്റ്റ് (ലിസ്റ്റ് 1 എ) -ൽ ഉൾപ്പെട്ട ക്രമ നമ്പർ 19 ശ്രീമതി ഫൗമ്യ എസ്. ന് സ്വന്തമായി വീടും

സ്ഥലവും ഉണ്ടെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ പാക്കേജിൽ നിന്നും ഒഴിവാക്കിക്കൊണ്ടും, അതിലെ ലിസ്റ്റ് 4എ യിൽ ക്രമ നമ്പർ 36 ശ്രീമതി നസീമ (T6/167) മരണപ്പെട്ടതിനാൽ ടിയാളിനു പകരം മകളായ ശ്രീമതി ലത്തീഫയെ പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ടും പരാമർശം (1) ഉത്തരവ് പ്രകാരമുള്ള ലിസ്റ്റ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽപ്പറഞ്ഞ ഭേദഗതിയോടെ പരാമർശം (1) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം പി.ഒ, കൊല്ലം.
ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ /ചീഫ് എഞ്ചിനീയർ, കിൽ, കൊച്ചി എയർപോർട്ട് പി.ഒ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (എ2/178/2023/സി.എസ്.ഐ.എൻ.ഡി).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u> :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സെക്രട്ടറി (സി.എസ്.ഐ.എൻ.ഡി.) യുടെ പി.എ.യ്ക്ക്.